# <u>വീടുകയറി ആക്രമണം : പ്രതി പിടിയിൽ</u>

മഞ്ഞപ്ര സെബിപുരത്ത്  വീടുകയറി ആക്രമണം നടത്തിയ കേസിൽ പ്രതി പിടിയിൽ. മഞ്ഞപ്ര സെബിപുരം പൈനാടത്ത് വീട്ടിൽ ഡിന്റോ (33) ആണ് കാലടി പോലിസിന്റെ പിടിയിലായത്. ജനുവരി 4 ന് രാത്രി പതിനൊന്നു മണിയോടെ സെബിപുരത്തുള്ള വിട്ടിൽ ആതിക്രമിച്ചു കയറി അക്രമണം അഴിച്ചുവിടുകയായിരുന്നു. വീടിന്റെ മുൻവശത്ത് പാർക്ക് ചെയ്ത ഓട്ടോറിക്ഷയുടെ ചില്ലുകളും അടിച്ചു തകർത്തു. സംഭവത്തിനു ശേഷം ഒളിവിൽ കഴിഞ്ഞ പ്രതിയെ റൂറൽ ജില്ലാ പോലിസ് മേധാവി കെ. കാർത്തിക്കിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്നാണ് അറസ്റ്റ് ചെയ്തത്. നിരവധി കേസുകളിൽ പ്രതിയാണ് ഇയാൾ. കാലടി എസ്.എച്ച്.ഒ എം.ബി ലത്തീഫ് , എസ്.ഐ ടി.ഡി ഡേവിസ്,  എ.എസ്.ഐ മാരായ അബ്ദുൾ സത്താർ , ജോഷി തോമസ്, എസ്.സി.പി.ഒ മനോജ് കുമാർ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.